# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/90/2018 2018 ഏപ്രിൽ 30

## പത്രക്കുറിപ്പ്

**ബി.ബി.എ. എൽ.എൽ.ബി. പ്രവേശനം: തീയതി നീട്ടി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന ബി.ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) പ്രോഗ്രാമിന്റെ 2018-19 അക്കാദമിക വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ മെയ് 15 വരെ സമർപ്പിക്കാവുന്നതാണ്.

**ഓഫ് കാമ്പസ് പരീക്ഷാകേന്ദ്രങ്ങൾ**

2018 മെയ് 3ന് ആരംഭിക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ ഓഫ് കാമ്പസ് പരീക്ഷയ്ക്ക് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചു. പരീക്ഷാകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്‌സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ അതാത് പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അതാത് കേന്ദ്രങ്ങളിൽ തന്നെ പരീക്ഷയെഴുതണം. പരീക്ഷാഹാളിൽ ഹാൾടിക്കറ്റിനൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാജരാക്കണം. കാലടി ശ്രീശങ്കര കോളേജ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ, അങ്കമാലി സെന്റ് ആൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ തന്നെ പരീക്ഷ എഴുതണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2733624.

**പി.എച്ച്.ഡി. രജിസ്ട്രേഷൻ**

2018ലെ പി.എച്ച്.ഡി. രജിസ്ട്രേഷനു മുന്നോടിയായുള്ള അഭിരുചി എഴുത്ത് പരീക്ഷയ്ക്ക് മെയ് 15ന് വൈകീട്ട് 5 മണി വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.phd.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2732947, ഇമെയിൽ: wat.eb10@mgu.ac.in

**പരീക്ഷാഫലം**

2018 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 13 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോബയോളജി (പി.ജി.സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 13 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. മോഡൽ 1, 2, 3 - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 12 വരെ അപേക്ഷിക്കാം.

2018 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (2014-2015 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 13 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**